## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1551 03.05.2017-ൽ മറുപടിക്ക്**

## തീവ്രവാദ-മതമൗലികവാദ-നിരോധിത സംഘടനകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഐ.എസ്. തുടങ്ങി ഏതെല്ലാം തീവ്രവാദ-മതമൗലികവാദ-നിരോധിത സംഘടനകളുടെ പ്രവർത്തനം രഹസ്യമായും പരസ്യമായും കഴിഞ്ഞ 5 വർഷമായി നടന്നു വരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) ഇസ്ലാമിക് സ്റ്റേറ്റ്, മാവോയിസ്റ്റ് തുടങ്ങിയ നിരോധിത തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം സംഘടനകളിൽ ആകൃഷ്ടരായി സംസ്ഥാനത്തു നിന്നും എത്ര പേരെ കാണാതായി എന്നും ഇതു സംബന്ധിച്ച് എന്തെല്ലാം കേന്ദ്ര /സംസ്ഥാന അന്വേഷണങ്ങൾ നടന്നു എന്നും ഇപ്രകാരം കണ്ടെത്തിയ വിശദാംശങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;<br><br>(സി) ഇത്തരത്തിൽ സംസ്ഥാനത്തു നിന്നും കാണാതായവരിൽ എത്ര പേർ മരണപ്പെട്ടതായി ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; | (ബി) യും (സി) യും ഇസ്ലാമിക് സ്റ്റേറ്റ് സംഘടനയിൽ ആകൃഷ്ടരായി സംസ്ഥാനത്തു നിന്നും 22 ഓളം പേരെ കാണാതായിട്ടുള്ള തായി അറിവായിട്ടുണ്ട്. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ ഇപ്പോൾ എൻ.ഐ.എ.-യുടെ അന്വേഷണത്തിലായതിനാൽ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് ഉചിതമല്ല. കാണാതായിട്ടുള്ള രണ്ട് പേർ മരണപ്പെട്ടതായി അറിവായിട്ടുണ്ടെങ്കിലും ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) സംസ്ഥാനത്ത് മതപരിവർത്തനം രഹസ്യമായി നടത്തുന്ന മതമൗലിക സംഘങ്ങൾ പ്രവർത്തിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ കഴിഞ്ഞ 5 വർഷമായി എത്ര പേർ സംസ്ഥാനത്ത് മതപരിവർത്തനത്തിനു വിധേയരായി എന്ന് വ്യക്തമാക്കുമോ? | (ഡി) ചില സംഘങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**